**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2336** **30-09-2025 - ൽ മറുപടിയ്ക്ക്**

**അതിദരിദ്ര വിഭാഗക്കാർക്ക് റേഷൻകാർഡ് ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അതിദരിദ്ര വിഭാഗക്കാർക്ക് റേഷൻകാർഡ് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (എ) | NFSA യുടെ കീഴിൽ AAY, PHH വിഭാഗങ്ങളിലാണ് ദരിദ്ര വിഭാഗങ്ങൾക്കുള്ള റേഷൻ കാർഡുകൾ അനുവദിച്ചുവരുന്നത്. ദരിദ്രരിൽ അതിദരിദ്രർ ആയിട്ടുള്ളവർക്കാണ് AAY കാർഡുകൾ നൽകിവരുന്നത്. 2013 ലെ NFSA ആക്റ്റ് പ്രകാരം സംസ്ഥാനത്തിന് AAY വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള കാർഡുകളുടെ എണ്ണം 5,95,800 ആണ്. അതിദരിദ്രർക്ക് നൽകുന്ന പ്രസ്തുത കാർഡുകളുടെ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ ആണ് നിശ്ചയിച്ചിട്ടുള്ളത്. AAY വിഭാഗത്തിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അതി ദരിദ്രരായിട്ടുള്ളവരെ പ്രസ്തുത വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്തു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 58,329 AAYകാർഡുകൾ നൽകിയിട്ടുണ്ട്. AAY കാർഡിന് അർഹത ഇല്ലാത്തവർക്ക് മുൻഗണനാ കാർഡുകൾ അനുവദിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നല്കിയതും ഉൾപ്പെടെ 6,40,786 PHH കാർഡുകൾ നൽകിയിട്ടുണ്ട്. അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് ശിപാർശ ചെയ്ത 3940 കുടുബങ്ങൾക്ക് AAY കാർഡുകൾ അനുവദിച്ചിട്ടുണ്ട്. PHH വിഭാഗത്തിലേക്ക് പരിവർത്തനത്തിനായി ലഭ്യമായ എല്ലാ അപേക്ഷകളും പരിശോധിച്ച് അർഹരായ എല്ലാകുടുംബങ്ങൾക്കും മുൻഗണനാ കാർഡ് നൽകിയിട്ടുണ്ട്. 2025 സെപ്റ്റംബർ മാസം 20 മുതൽ അർഹരായ മുൻഗണനേതര കുടുംബങ്ങൾക്ക് PHH വിഭാഗത്തിലേക്ക് തരംമാറ്റുന്നതിനുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ എത്ര പേർക്കാണ് ഇപ്രകാരം കാർഡ് നൽകിയിട്ടുള്ളതെന്ന് | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അതിദരിദ്രവിഭാഗക്കാർക്കായി 58,329 AAY |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | കാർഡുകൾ നൽകിയിട്ടുണ്ട്. AAY കാർഡിന് അർഹത ഇല്ലാത്തവർക്ക് പി.എച്ച്.എച്ച് കാർഡുകൾ അനുവദിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നൽകിയതും ഉൾപ്പെടെ 6,40,786 PHH (മുൻഗണന) കാർഡുകൾ നൽകിയിട്ടുണ്ട്. അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് ശിപാർശ ചെയ്ത 3940 കുടുബങ്ങൾക്ക് AAY കാർഡുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതുപോലെ പ്രത്യേക പരിഗണന നൽകി റേഷൻ കാർഡുകൾ അനുവദിച്ച മറ്റ് വിഭാഗക്കാർ ആരൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | Kerala Food Security Rules 2018 ഖണ്ഡിക 6 ൽ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7 ൽ അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ആയതിൻപ്രകാരമാണ് നിലവിൽ സംസ്ഥാനത്ത് മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്. എന്നിരുന്നാലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ ഗുരുതരരോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ എന്നിവ പരിശോധിച്ച് മെരിറ്റടിസ്ഥാനത്തിൽ പ്രസ്തുത കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ 27.10.2020-ലെ 319/2020/ഭ.പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നതും തീർത്തും അർഹരുമായ കുടുംബങ്ങളുടെ കാർഡുകൾ അപേക്ഷ പ്രകാരം പരിശോധിച്ച് പി.എച്ച്.എച്ച് വിഭാഗത്തിലേക്ക് തരംമാറ്റി നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ